(ബി) കോർപ്പറേഷൻ ലാഭകരമായി നടത്തുന്നതിന് പുതിയതായി ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) 13,35,610 രൂപ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. (കണക്കുകൾ ആഡിറ്റുചെയ്തു കഴിഞ്ഞിട്ടില്ല.)

(ബി) ഫെഡറേഷൻ (കോർപ്പറേഷൻ അല്ല) ലാഭകരമായി പ്രവർത്തിക്കുന്നതിന് കാർഷിക വിഭവങ്ങളുടെ പ്രത്യേകിച്ച് നാണ്യ വിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ പരിപാടിയുണ്ട്. കൊപ്ര, കുരുമുളക് മുതലായവയുടെ വിപണനത്തിനും സംസ്കരണത്തിനുമായി ഫെഡറേഷൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വാട്ടർ ബോർഡ്

1330 [2136] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാട്ടർബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(ബി) 1979-80 സാമ്പത്തികവർഷത്തിൽ പ്രസ്തുത ബോർഡ് രൂപീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കാമോ?

ഉത്തരം

(എ) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് പറയാൻ നിർവ്വാഹമില്ല.

കേരളാ പഞ്ചായത്ത് സർവ്വീസ് മാനുവൽ

1331 [2139] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെ ഭരണകാര്യങ്ങൾ നടത്തേണ്ട വിധത്തെപ്പറ്റിയും ജീവനക്കാരായ ഓരോരുത്തരും നടത്തേണ്ട ജോലികളും നടപടിച്ചട്ടങ്ങളും വിവരിക്കുന്നതുമായ കേരളാ പഞ്ചായത്ത് സർവ്വീസ് മാനുവൽ തയ്യാറാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു സർവ്വീസ് മാനുവൽ തയ്യാറാക്കി ഇന്നത്തെ പഞ്ചായത്തു ഭരണം സുഗമമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) പ്രസ്തുത മാനുവൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly